**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3814** **17-03-2025 - ൽ മറുപടിയ്ക്ക്**

**കടമക്കുടി കോതാട്-ചേന്നൂർ പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഗോശ്രീ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന കോതാട് - ചേന്നൂർ പാലത്തിന്റെ നിർമ്മാണ അലൈൻമെന്റിൽ ഉൾപ്പെട്ട സ്ഥലം വാട്ടർ മെട്രോയുടെ കോതാട് ടെർമിനലിന്റെ നിർമ്മാണത്തിനായി ഏറ്റെടുത്തതിനാൽ പാലത്തിന്റെയും ടെർമിനലിന്റെയും നിർമ്മാണത്തിൽ വർഷങ്ങളായി നേരിടുന്ന സ്തംഭനാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോതാട് - ചേന്നൂർ പാലം നിർമ്മാണത്തിന് നേരിടുന്ന സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിന് പൊതുമരാമത്ത് വകുപ്പ് (പാലം വിഭാഗം) തയ്യാറാക്കിയ ഡിസൈനിൽ വാട്ടർ മെട്രോ അധികൃതർ ആവശ്യപ്പെട്ട പ്രകാരമുള്ള മാറ്റങ്ങൾ വരുത്തിയിട്ടുള്ളതാണ്. ഡിസൈനിൽ മാറ്റങ്ങൾ വരുത്തിയതിനാൽ എസ്റ്റിമേറ്റ് തുക 35.97 കോടി രൂപയായിരുന്നത് 41.14 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. വാട്ടർ മെട്രോ പൊന്നുംവില നടപടി പ്രകാരം ഏറ്റെടുത്തിട്ടുള്ള 6.87 ആർ സ്ഥലം പാലം നിർമ്മാണത്തിന് ഉപയോഗിക്കുന്നതിന് നിരാക്ഷേപപത്രം (NOC) നൽകണമെന്ന് ആവശ്യപ്പെട്ട് ട്രാൻസ്പോർട്ട് സെക്രട്ടറിയ്ക്ക് 03.02.2025-ൽ ജിഡ കത്ത് നൽകിയിട്ടുണ്ട്. ടി കത്ത് ട്രാൻസ്പോർട്ട് വകുപ്പിലെ E2/30/2025 നമ്പർ ഫയലിൽ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പാലത്തിനായുള്ള ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് വാട്ടർ മെട്രോയ്ക്കായി ഏറ്റെടുത്ത സ്ഥലം പാലം നിർമ്മാണത്തിന് വിട്ടു കിട്ടുന്നതിനായി സർക്കാരിന്റെ എൻ.ഒ.സി.ക്കായി ഗതാഗത വകുപ്പിന് നൽകിയിട്ടുള്ള കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (ബി) | സ്ഥലത്തിന്റെ NOC-ക്ക് ട്രാൻസ്പോർട്ട് സെക്രട്ടറിയ്ക്ക് 03.02.2025-ൽ ജിഡ കത്ത് നൽകിയിട്ടുണ്ട്. ടി കത്ത് ട്രാൻസ്പോർട്ട് വകുപ്പിലെ E2/30/2025 നമ്പർ ഫയലിൽ പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ